## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.311 27.09.2016 - ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി. ഉണ്ണി

ശ്രീ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

<u>സംസ്ഥാനത്തെ ട്രഷറി മിച്ചം</u>

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ ട്രഷറി മിച്ചം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിലെ നിക്ഷേപം 1009.30 കോടി രൂപയായിരുന്നു. |
| (ബി) | 31.05.2016 തീയതിയിലെ കണക്ക് പ്രകാരം ക്ഷേമപെൻഷൻ കുടിശ്ശിക, വിവിധ വകുപ്പുകൾക്കുള്ള ബിൽകുടിശ്ശിക, കരാറുകാരുടെ കുടിശ്ശിക എന്നിവ എത്രയുണ്ടായിരുന്നുവെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | 31.05.2016 ലെ വകുപ്പ്തല കണക്കുകൾ പ്രകാരം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക 1505.49 കോടിരൂപയായിരുന്നു. കൂടാതെ 800 കോടി രൂപയുള്ള വിവിധ വകുപ്പുകളുടെ ബില്ലുകൾ വെയ്സ് & മീൻസ്, ട്രഷറി ക്യൂ വിലും കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ 1775.59 കോടിരൂപയും കൊടുത്തു തീർക്കുവാൻ ഉണ്ടായിരുന്നു. |
| (സി) | ഓരോകുടിശ്ശികയും ഏത് തീയതിവരെ കൊടുത്തു തീർത്തു എന്നും അതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ? | ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1477.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വെയ്സ് & മീൻസ്, ട്രഷറി ക്യൂ ഇനത്തിൽ 24.09.2016 വരെ 792.09 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിന് ജൂലൈ 2015 വരെയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിന് ഡിസംബർ 2015 വരെയും ജല വിഭവ വകുപ്പിന് ഒക്ടോബർ 2015 വരെയുമുള്ള കുടിശ്ശിക നൽകുന്നതിനായി ഏകദേശം 991.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**